ഊർജ്ജക്കമ്മി പരിഹരിക്കുന്നതിന് നടപടികൾ

9 [1906] ശ്രീ. ഉമേഷ് ചള്ളിയിൽ:
,, കെ. കെ. ഷാജു:
,, എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2005-ൽ സംസ്ഥാനത്തിന്റെ മൊത്തം വൈദ്യുത ഉപഭോഗം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

2004-05, 2005-06 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ മൊത്തം വൈദ്യുതി ഉപഭോഗം യഥാക്രമം 9350.04 മില്യൺ യൂണിറ്റും 9950.49 മില്യൺ യൂണിറ്റും ആയിരിക്കുമെന്നും കണക്കാക്കപ്പെടുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.†

പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്ന് അനർട്ട് നടപ്പിലാക്കുന്ന ഊർജ്ജ പദ്ധതികൾ

10 [1907] ശ്രീ. സി. ടി. അഹമ്മദ് അലി:
,, യു. സി. രാമൻ:
,, പി. കെ. കെ. ബാവ :
,, ടി. പി. എം. സാഹിർ:
,, കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതൊക്കെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുമാണ് അനർട്ട് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്നത് :

(ബി) പ്രസ്തുത സ്രോതസ്സുകളിൽ നിന്നും കിട്ടുന്ന ഊർജ്ജം ഏതെല്ലാം മേഖലകളിലാണ് പ്രയോജനപ്പെടുത്തുന്നത് ?

ഉത്തരം

(എ) സൗരോർജ്ജം, ജൈവോർജ്ജം എന്നീ സ്രോതസ്സുകളിൽ നിന്നും ഊർജ്ജം ഉൽപ്പാദിപ്പിക്കുന്നു. കൂടാതെ കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഉൾനാടൻ പ്രദേശങ്ങളിൽ വെളിച്ചം എത്തിക്കുന്നതിനും വെള്ളം പമ്പു ചെയ്യുന്നതിനും, ടി. വി സെന്ററുകൾ പ്രവർത്തിപ്പിക്കുന്നതിനും വാക്സിൻ റെഫ്രിജറേറ്ററുകൾ പ്രവർത്തിക്കുന്നതിനും മറ്റും സൗരോർജ്ജം ഉപയോഗിക്കുന്നു. ജൈവവാതകത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന താപോർജ്ജം ഹോട്ടലുകൾ, ആശുപത്രികൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ പ്രയോജനപ്പെടുത്തുന്നു. ബയോമാസ് ഗ്യാസിഫയറുകൾ ഉൽപ്പാദിപ്പിക്കുന്ന താപോർജ്ജം റബ്ബർഷീറ്റ്, കൊപ്ര എന്നിവ ഉണക്കുന്നതിന് വ്യാവസായികാടിസ്ഥാനത്തിൽ ഉപയോഗിക്കുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly